(b) A Scheme for control of Mahali disease is being implemented in the following districts :—

Trichur, Malappuram, Wynad, Calicut, Cannanore and Kasaragod. Under this Scheme subsidy for cost of chemical is provided.

റിവോൾവിംഗ് ഫണ്ട്

1267. [1905] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് രൂപീകരിച്ച റിവോൾവിംഗ് ഫണ്ട് ഇപ്പോഴും നിലവിലുണ്ടോ ;

(ബി) ഈ ഫണ്ടിൽ നിന്നും 1985-86, 1986-87 എന്നീ വർഷങ്ങളിൽ നൽകിയ സഹായങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1985-86-ൽ 45.06 ലക്ഷം രൂപയും 1986-87-ൽ 15.50 ലക്ഷം രൂപയും കൃഷി നശിച്ച കർഷകർക്ക് സഹായങ്ങൾ നൽകാൻ ചെലവഴിച്ചിട്ടുണ്ട്.

മെച്ചിസ്റ്റേറ്റർ കാഷ്യൂ പ്രോജക്ട്

1268. [1906] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച മെച്ചി സ്റ്റേറ്റർ കാഷ്യൂ പ്രോജക്ട് പൂർത്തിയാക്കുന്നതിനുള്ള സമയപരിധി എന്നുവരെയായിരുന്നു ;

(ബി) കാലാവധി കഴിഞ്ഞിട്ടും പ്രസ്തുത പ്രോജക്ട് അനുസരിച്ചുള്ള പണി പൂർത്തിയാകാത്തതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1985 സെപ്റ്റംബർ 30 വരെ.

(ബി) 1985 സെപ്റ്റംബർ 30 വരെയുള്ള സമയപരിധിക്കുള്ളിൽ 10000 ഹെക്ടർ സ്ഥലത്ത് കശുമാവു കൃഷി നടത്തുവാൻ ലക്ഷ്യം ഇട്ടിരുന്നു. ഇതിൽ 8920-ഹെക്ടറിൽ മാത്രമേ കൃഷി നടത്തുവാൻ കഴിഞ്ഞുള്ളൂ. റബ്ബർ കൃഷിയിൽ കൃഷിക്കാർ കൂടുതൽ താൽപ്പര്യം കാണിക്കുന്നതുകൊണ്ടും കശുമാവു കൃഷിക്കുള്ള വായ്പ എടുക്കുന്നതിലുള്ള താൽപ്പര്യക്കുറവുകൊണ്ടും, അപേക്ഷകർ സ്ഥലം കൈമാറ്റം ചെയ്യുന്നതു കൊണ്ടുമാണ് മേൽപ്പറഞ്ഞ സമയ പരിധിക്കുള്ളിൽ, ഈ പദ്ധതി അനുസരിച്ചുള്ള പണി പൂർത്തിയാക്കാൻ സാധിക്കാതെ വന്നത്.

കശുമാവു കൃഷിക്ക് സബ്സിഡി

1269. [1907] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി കശുമാവു കൃഷി നടത്തുന്നതിന് ഹെക്ടറിന് എത്ര രൂപയാണ് സബ്സിഡി ഇനത്തിൽ നൽകുന്നത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട് ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്നുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly